4. അഗ്രോ സർവ്വീസ് സെന്റർ
5. കാർഷിക കർമ്മസേന
6. സുഗന്ധ വ്യഞ്ജന വിളകളുടെ വികസനം
7. വിള ആരോഗ്യ പരിപാലനം
8. മണ്ണിന്റെ ആരോഗ്യ പരിപാലനം
9. ബയോഗ്യാസ് വികസന പദ്ധതി
10. സംയോജിത കൃഷിത്തോട്ടം
11. കാർഷിക വിജ്ഞാന വ്യാപനം ശാക്തീകരണം
12. ആർ.കെ.വി.വൈ.

(സി) പഞ്ചായത്ത് തല കാർഷിക വികസന സമിതിയിൽ പദ്ധതികളുടെ മാനദണ്ഡം വ്യക്തമാക്കിക്കൊണ്ട് ജനപങ്കാളിത്തത്തോടെയാണ് പ്രസ്തുത പദ്ധതികളിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നത്.

(ഡി) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന 11 കൃഷി ഭവനുകളുടെയും പ്രവർത്തനം ജില്ലാതലത്തിൽ അവലോകനം ചെയ്യുന്നുണ്ട്.

അഗ്രോ സർവ്വീസ് സെന്ററുകൾ

145 (3116) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര അഗ്രോ സർവ്വീസ് സെന്ററുകൾ നിലവിലുണ്ട് ; പ്രസ്തുത സെന്ററുകൾ മുഖേന കർഷകർക്ക് എന്തൊക്കെ സേവനങ്ങളും സഹായങ്ങളുമാണ് ലഭ്യമാക്കുന്നത് ; വിശദാംശം നൽകുമോ ;

(ബി) കണ്ണൂർ ജില്ലയിൽ എവിടെയൊക്കെയാണ് അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവൃത്തിക്കുന്നത് ; വിശദാംശം നൽകുമോ ;

(സി) കല്ല്യാശ്ശേരി മണ്ഡലത്തിൽ പുതുതായി അനുവദിച്ച അഗ്രോ സർവ്വീസ് സെന്ററിന് എന്തൊക്കെ സഹായങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് 14 ജില്ലകളിലായി തെരഞ്ഞെടുക്കപ്പെട്ട 35 ബ്ലോക്കുകളിലാണ് 2012-13-ൽ അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. താഴെപ്പറയുന്ന സേവനങ്ങൾ ലഭ്യമാണ് :

1. തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിന് പരിശീലനം സിദ്ധിച്ച തൊഴിലാളികളുടെ സേവനം അഗ്രോ സർവ്വീസ് സെന്ററിൽനിന്നും ലഭ്യമാക്കുന്നു.
2. യന്ത്രവൽക്കരണം നടപ്പിലാക്കുന്നതിന് യന്ത്രോപകരണങ്ങളും തൊഴിലാളികളെയും ലഭ്യമാക്കുന്നു.
3. കൃഷി ലാഭകരമാക്കുന്നതിന് ആവശ്യമായ വിവിധ സേവനങ്ങൾ, നടീൽ വസ്തുക്കൾ, മറ്റ് ഉൽപ്പാദന ഉപാധികൾ എന്നിവ ഒരു കേന്ദ്രത്തിൽ നിന്നും ലഭ്യമാകും.
4. ഫാം ക്ലിനിക്കുകൾ വഴി മണ്ണ് പരിശോധന, രോഗകീടങ്ങളുടെ സാന്നിദ്ധ്യം എന്നിവ പരിശോധിച്ച് പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ നിർദ്ദേശിക്കുന്നു.
5. കാർഷിക വായ്പ, വില നിലവാരം, വിപണനം, കാലാവസ്ഥാ വ്യതിയാനം എന്നിവ സംബന്ധിച്ച വിവരങ്ങളും വിവിധ സാങ്കേതിക ഉപയോഗങ്ങളും ലഭിക്കുന്നു.
6. കർഷകർക്ക് ആവശ്യമായ യന്ത്രസാമഗ്രികൾ വാടകയ്ക്ക് ലഭിക്കുന്നു. യന്ത്രങ്ങൾക്ക് റിപ്പയർ ജോലികളും ചെയ്തു കൊടുക്കും.

(ബി) കുത്തുപറമ്പ് (പാട്യം), ഇരിക്കൂർ (ശ്രീകണ്ഠപുരം), പയ്യന്നൂർ (കാങ്കോൽ) ബ്ലോക്കുകളിലായി 3 അഗ്രോ സർവ്വീസ് സെന്ററുകൾ കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്.

(സി) യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് 25 ലക്ഷം രൂപയും ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 7.0 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

അഗ്രോ സർവ്വീസ് സെന്ററുകൾ

146 (3117) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;